ജില്ലയിൽ 552-ഓളം "അക്ഷയ" കേന്ദ്രങ്ങൾ സ്ഥാപിച്ച് പദ്ധതി ദ്രുതഗതിയിൽ നടപ്പിലാക്കി വരുന്നു. ഐ. ടി. വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഈ പദ്ധതിക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ട്. ക്രമേണ മറ്റ് ജില്ലകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

ഇൻഫർമേഷൻ ടെക്നോളജിയിൽ കെൽട്രോണിൽ നൽകുന്ന പരിശീലനം

44 [5600] ശ്രീ. എൻ. ശക്തൻ:
,, ഡൊമിനിക് പ്രസന്റേഷൻ:
,, വി. ബാലറാം:
,, എ. പി. അനിൽകുമാർ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജിയിൽ എന്തെല്ലാം വിധത്തിലുള്ള പരിശീലനത്തിലാണ് കെൽട്രോൺ ഏർപ്പെട്ടിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ഐ. ടി. പരിശീലനം നൽകുവാൻ കെൽട്രോണിന് പരിപാടിയുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) കെൽട്രോണിന്റെ ഐ. ടി. ട്രെയിനിംഗ് പ്രോഗ്രാം വിദേശങ്ങളിൽ വ്യാപിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) എങ്കിൽ ഏതെല്ലാം വിദേശ രാജ്യങ്ങളിൽ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഐ. ടി. മേഖലയിൽ സോഫ്റ്റ്വെയർ, ഹാർഡ്വെയർ ഇവയിലുള്ള ഹ്രസ്വ ദീർഘകാല പരിശീലനമാണ് കെൽട്രോൺ ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) ഉണ്ട്. ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. താൽപ്പര്യമുള്ള കോളേജുകളിൽ മാനേജുമെന്റുമായി സഹകരിച്ച് കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ച് കുട്ടികൾക്ക് സാധാരണ പഠനത്തോടൊപ്പം കമ്പ്യൂട്ടർ പരിശീലനം നൽകുകയാണ് ചെയ്യുക.

(സി) ഉണ്ട്.

(ഡി) പ്രധാനമായും ഗൾഫ് രാജ്യങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ചുമട്ടുതൊഴിലാളി നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് പരാതി

45 [5601] ശ്രീ. ബിനോയ് വിശ്വം:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ അംഗീകരിച്ച ചുമട്ട് തൊഴിലാളി നിയമം സമ്പൂർണ്ണമായി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് തൊഴിലാളികളുടെ ഭാഗത്തു നിന്നോ, തൊഴിലുടമകളുടെ ഭാഗത്തുനിന്നോ എന്തെങ്കിലും പരാതികളോ, തടസ്സങ്ങളോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്താമോ;

(സി) കേരളത്തിലെ തൊഴിൽ മേഖലയിൽ മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ തൊഴിൽ പ്രശ്നങ്ങളുടെ എണ്ണം കൂടുകയാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തൊഴിൽ പ്രശ്നത്തിന്റെ പേരിൽ കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്ര വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം നിലച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2002-ലെ കേരള കയറ്റിറക്ക് (കൂലിനിരക്ക് ക്രമീകരണവും നിയമ വിരുദ്ധ പ്രവർത്തന നിയന്ത്രണവും) നിയമം സംസ്ഥാനമൊട്ടാകെ 5-11-02 മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 2002-ലെ പുതിയ ചുമട്ടു തൊഴിലാളി നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് ട്രേഡ് യൂണിയനുകളുടെ ഭാഗത്തുനിന്നും പരാതികൾ ഉണ്ടായിട്ടുണ്ട്. ഗാർഹികേതര ആവശ്യങ്ങൾക്കായുള്ള വ്യാവസായിക പാർക്ക്, കാർഷിക വിപണി, കയറ്റുമതി മേഖല, വിനോദ സഞ്ചാര മേഖല തുടങ്ങിയവയിലെ കയറ്റിറക്ക് ഗാർഹിക മേഖലയിലെ പോലെ സ്വന്തമായോ, സ്വന്തം ഇഷ്ടപ്രകാരമോ തൊഴിലാളികളെ നിയോഗിച്ച് ചെയ്യിപ്പിക്കുന്നതിന് തൊഴിലുടമകൾക്ക് അവകാശം നൽകാൻ സർക്കാരിന് അധികാരം നൽകുന്ന വകുപ്പ് (5)-ലെ വ്യവസ്ഥയും നിയമവ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുവാൻ പോലീസ് ഉദ്യോഗസ്ഥർക്ക് അധികാരം നൽകുന്ന വകുപ്പ് (11)-ലെ വ്യവസ്ഥയും തൊഴിലാളി താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്ന പരാതി ഉണ്ടായിട്ടുണ്ട്.

(സി) ഇല്ല. കേരളത്തിലെ തൊഴിൽ മേഖലയിൽ മുൻകാലങ്ങളെ അപേക്ഷിച്ച് തൊഴിൽ പ്രശ്നങ്ങളുടെ എണ്ണം കുറയുന്നതായാണ് കാണുന്നത്.

(ഡി) തൊഴിൽ പ്രശ്നത്തിന്റെ പേരിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ 9 വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനമാണ് നിർത്തിവച്ചിട്ടുള്ളത്.

തൊഴിൽ സംരക്ഷണ സമിതി സമർപ്പിച്ച ഹർജി

46 [5602] ശ്രീ. പി. ജെ. ജോയി:
,, കെ. മുഹമ്മദാലി:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തൊഴിൽവകുപ്പ് ജീവനക്കാരുടെ ഇടയിൽ തൊഴിൽവകുപ്പ് സംരക്ഷണ സമിതി എന്നൊരു സംഘടന പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇതിന്റെ കൺവീനറും മറ്റു ഭാരവാഹികളുമാരാണ്;

LIBRARY ARCHIVES Kerala Legislative Assembly